പൊന്നുംവിലക്കെടുത്ത സ്ഥലത്തിന്റെ ഇപ്പോഴത്തെ സ്ഥിതി

161 (2143) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എ. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഹൗസിംഗ് ബോർഡിനുവേണ്ടി എത്ര ഏക്കർ സ്ഥലം പൊതുവിലയ്ക്ക് എടുത്തുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) എന്നാണ് ബോർഡിനെ സ്ഥലം ഏൽപ്പിച്ചത് ; സെന്റിന് എന്തു വില അന്നു നൽകി ;

(സി) പൊന്നും വിലയ്ക്ക് എടുത്ത സ്ഥലത്ത് ഇപ്പോൾ ഗോഡൗൺ പണിയുന്നത് ബോർഡിന് വേണ്ടിയാണോ ; അല്ലെങ്കിൽ ഏത് സ്ഥാപനത്തിനു വേണ്ടിയാണ് ഗോഡൗൺ പണിയുന്നത്. അവർക്ക് അനുവാദം നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) എന്തു വില നിശ്ചയിച്ചാണ് അവർക്ക് കൊടുത്തത് ;

(ഇ) പ്രസ്തുത സ്ഥലം ബോർഡിനെ ഏൽപ്പിക്കുന്നതിന് മുമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷനോ മറ്റോ ഈ സ്ഥലം ഗോഡൗൺ പണിയുന്നതിന് ആവശ്യപ്പെട്ടിരുന്നോ ;

(എഫ്) അന്ന് ആവശ്യപ്പെട്ടവർക്ക് നൽകാനിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6.5132 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ബി) 16-10-1986-ൽ പ്രസ്തുത സ്ഥലം ബോർഡിനെ ഏല്പിച്ചു. സെന്റിന് 1007.24 രൂപയാണ് നബാർഡുപ്രകാരമുള്ള വില.

(സി) പൊന്നുംവിലയ്ക്കെടുത്ത സ്ഥലത്ത് ഇപ്പോൾ ഗോഡൗൺ പണിയുന്നത് ബോർഡിനുവേണ്ടിയല്ല. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് വേണ്ടിയാണ്. ബോർഡ് തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ഡി) 1.0027 ഹെക്ടർ സ്ഥലം 31,40,325 രൂപയ്ക്കാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയത്. കൂടാതെ അന്തിമ കണക്കുകൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ 9,42,000 രൂപ സെക്യൂരിറ്റിയായി അടച്ചിട്ടുണ്ട്.

---

† അനുബന്ധം XXIV

LIBRARY ARCHIVES Kerala Legislative Assembly

(ഇ&എഫ്) ബോർഡ് പൊന്നുംവില നടപടികൾ തുടരവേ 25-2-1995-ൽ 3.47 ഏക്കർ സ്ഥലം ഒഴിവാക്കിക്കൊടുക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. പൊന്നുംവില നടപടികൾ പൂർത്തിയായതിന് ശേഷം കൊടുക്കാമെന്നു തീരുമാനിക്കുകയും അപ്രകാരം ചെയ്യുകയുമാണുണ്ടായത്.

തൊടുപുഴയിൽ ഹൗസിംഗ് ബോർഡ് ഇൻഡോർ സ്റ്റേഡിയം

162 (2144) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴയിൽ ഹൗസിംഗ് ബോർഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ ;

(സി) ഇതിന് എന്തു തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇതിന്റെ സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദീകരിക്കാമോ ;

(ജി) സാദ്ധ്യതാ പഠനം നടത്താത്തപക്ഷം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) തൊടുപുഴയിൽ ഒരു ഇൻഡോർ സ്റ്റേഡിയം-കം-ഷോപ്പിംഗ് കോപ്ലെക്സ് നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. അതിനുള്ള സാദ്ധ്യതാ പഠനം നടത്തിക്കഴിഞ്ഞു. വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.

(ഇ-ജി) കടമുറികൾ, ഹെൽത്ത് ക്ലാസ്, ജിംനേഷ്യം എന്നിവയിൽ നിന്നുള്ള വരുമാനവും സ്റ്റേഡിയത്തിന്റെ ലൈഫ് മെമ്പർഷിപ്പും ഉൾപ്പെടെ പദ്ധതി ലാഭകരമായി നടപ്പാക്കാമെന്നാണ് സാദ്ധ്യതാ പഠന റിപ്പോർട്ട്.

ചങ്ങനാശ്ശേരി ഹൗസിംഗ് സ്കീം

163 (2145) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി റയിൽവേ സ്റ്റേഷന് സമീപം ആരംഭിച്ച ചങ്ങനാശ്ശേരി ഹൗസിംഗ് സ്കീം പൂർത്തിയായോ ;

(ബി) എത്ര ഭവനങ്ങളാണ് ഈ സ്കീമിൽ നിർമ്മിക്കുവാൻ ഉദ്ദേശിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ എത്ര ഭവനങ്ങളാണ് പൂർത്തിയായത് ;

LIBRARY ARCHIVES Kerala Legislative Assembly

8.	അസിസ്റ്റന്റ് ആർക്കിടെക്റ്റ്	–	1
9.	സ്കിൽഡ് അസിസ്റ്റന്റ് (ജനറേറ്റർ)	–	1
10.	ഗാർഡനർ	–	1
11.	വയർമാൻ	–	1
12.	പമ്പ് ഓപ്പറേറ്റർ	–	1

അനുബന്ധം XXIV

[9-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 161(2143)-ന്റെ 'സി' ഉത്തരം ദയവായി കാണുക]

Extract of the minutes of the Board meeting held on 2-9-1986 at Thiruvananthapuram Item No. 27 Land Acquistion-Edappally H.A.S. 1st stage-transfer of land to the Kerala State Civil supplies Corporation - Reg.

Considered the note and approved the proposal. The conditions regarding cost etc., as agreed to. In the recent sale of land to the Panchayat Department from the Mulamkunnathukavu scheme area would be applicable in this case also.

LIBRARY ARCHIVES Kerala Legislative Assembly